## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5141

22-05-2017 ലെ
മറുപടി

**കരാർ പ്രവൃത്തികൾ ടെന്റർ ചെയ്യുന്നതിനായി പാലിക്കേണ്ട നിബന്ധനകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിൽ 4 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള കരാർ പ്രവൃത്തികൾ ടെന്റർ ചെയ്യുന്നതിനായി അനുമതി നൽകുന്നതിന് മുമ്പ് ചീഫ് എഞ്ചിനീയർ (പ്രോജക്ട്) പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ജലവിഭവ വകുപ്പിൽ 4 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള ഏതൊരു കരാർ പ്രവൃത്തിയും ടെണ്ടർ ചെയ്യുന്നതിന് മുന്നോടിയായി പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ അനുമതികൾ (സാമ്പത്തികാനുമതി, ഭരണാനുമതി, സാങ്കേതികാനുമതി) ലഭ്യമായിട്ടുണ്ടെന്ന് പ്രോജക്ട് ചീഫ് എഞ്ചിനീയർ ഉറപ്പു വരുത്തേണ്ടതുണ്ട്. കൂടാതെ പ്രോജക്ട് റിപ്പോർട്ട് മാനദണ്ഡങ്ങൾക്കനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത് എന്നും ഉറപ്പുവരുത്തേണ്ടതാണ് |
| (ബി) | 4 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള പ്രവൃത്തികളുടെ സ്ട്രക്ച്ചറൽ ഡ്രായിംഗുകൾ-- ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ പരിശോധിക്കേണ്ട ആവശ്യം ഉണ്ടോ; | (ബി) | 4 കോടി രൂപ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തിയാണെങ്കിലും ഈ പ്രവൃത്തികൾ ചിലപ്പോൾ ഒന്നിലധികം മൈനർ ഇറിഗേഷൻ പ്രവൃത്തികൾ (VCB, കൾവർട്ടുകൾ, സംരക്ഷണഭിത്തികൾ, ചാലുകളുടെ നിർമ്മാണം മുതലായവ പോലുള്ളവ) ചേർന്നതായിരിക്കാം. ഇങ്ങനെയുള്ള ഒരോ പ്രത്യേക പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് തുക ഒരു കോടി |

| | | | |
|---|---|---|---|
| | | | രൂപയിൽ താഴെയാണ് വരുന്നതെങ്കിൽ ഇവയുടെ ഡിസൈനോ സ്ട്രക്ചറൽ ഡ്രോയിംഗോ ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ പരിശോധിക്കേണ്ടതില്ല. എന്നാൽ ഒരോ സ്ട്രക്ചറിന്റേയും സ്വഭാവം കണക്കിലെടുത്ത് അവയുടെ എസ്റ്റിമേറ്റ് തുക ഒരു കോടിയിൽ കൂടിയതാണെങ്കിൽ അത്തരത്തിലുള്ള പ്രവൃത്തികളുടെ ഡിസൈനുകളും ഡ്രോയിംഗുകളും ഐ.ഡി.ആർ.ബി യിൽ നിന്നും തയ്യാറാക്കേണ്ടതുണ്ട്. |
| (സി) | കരാർ പ്രവൃത്തി ചെയ്യേണ്ട സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശം ആണെങ്കിൽ, ഡിപ്പാർട്ട്മെന്റ് എന്ത് നടപടികളാണ് സ്വീകരിക്കേണ്ടത് എന്നു വ്യക്തമാക്കുമോ? | (സി) | കരാർ പ്രവൃത്തി ചെയ്യേണ്ട സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശം ആണെങ്കിൽ, അത് നിയമാനുസൃതമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഡിപ്പാർട്ട്മെന്റ് സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള സ്ഥലം ഡിപ്പാർട്ട്മെന്റിന് free surrender ചെയ്തു ലഭിക്കുന്നതിനോ അല്ലെങ്കിൽ പ്രസ്തുത ഭൂമി അക്വയർ ചെയ്തു ലഭിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചതിനു ശേഷമാണ് പ്രവൃത്തി ആരംഭിക്കുന്നത്. എം.എൽ.എ മാരുടേയും മറ്റ് ജനപ്രതിനിധികളുടേയും ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തികൾക്ക് 75% എങ്കിലും സ്ഥലം ലഭ്യമാണെങ്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള അനുമതി നല്കാറുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കി ആവശ്യമുള്ള സ്ഥലം നിർമ്മാണ വേളയിൽ ലഭ്യമാക്കി നൽകാമെന്നുള്ള പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നുള്ള ഉറപ്പിന്മേൽ ജനപ്രതിനിധികളുടെ അറിവോടുകൂടി ടെണ്ടർ ചെയ്യുന്നതിന് അനുമതി നൽകാറുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾക്കാവശ്യമായ ഭൂമി |

| | | | |
|---|---|---|---|
| | | | സ്വകാര്യ വ്യക്തികളുടേതാണെങ്കിൽ 2013 ലെ "The Right to fair compensation and transparency in land acquisition, Rehabilitation and resettlement Act,2013" നിയമപ്രകാരം ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**